**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3259** **25-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം വിഭാഗത്തിലുള്ള തൊഴിലാളികൾക്കാണ് നിലവിൽ ക്ഷേമനിധി ഉള്ളതെന്ന് വിശദമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈസേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ അടക്കമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ക്ഷേമനിധി ബോർഡുകളിലെ അംശദായം വർദ്ധിപ്പിച്ച് ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലാളികളെ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചു. തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന 16 ക്ഷേമനിധി ബോർഡുകളിലും രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ അവരുടെ ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ കൂട്ടിച്ചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയായ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം. | സംസ്ഥാനത്ത് ക്ഷേമനിധികൾ ഏർപ്പെടുത്തിയിട്ടുള്ള വിഭാഗങ്ങൾ |
|---|---|
| 1 | സംസ്ഥാനത്തെ അസംഘടിത തൊഴിലാളികൾ |
| 2 | കള്ള് വ്യവസായ തൊഴിലാളികൾ |
| 3 | തയ്യൽ തൊഴിലാളികൾ |
| 4 | അബ്കാരി തൊഴിലാളികൾ |
| 5 | ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളികൾ |
| 6 | ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റുകളിൽ പണിയെടുക്കുന്നവർ |
| 7 | കൈത്തറി തൊഴിലാളികൾ |
| 8 | ബീഡി - ചുരുട്ട് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ |
| 19 | കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവർ |
| 10 | മോട്ടോർ തൊഴിലാളികൾ |
| 11 | ചുമട്ട് തൊഴിലാളികൾ |
| 12 | ചെറുകിട തോട്ടം തൊഴിലാളികൾ |
| 13 | കശുവണ്ടി തൊഴിലാളികൾ |
| 14 | കർഷക തൊഴിലാളികൾ |
| 15 | ആഭരണ തൊഴിലാളികൾ |
| 16 | അഡ്വക്കേറ്റ് ക്ലാർക്കുമാർ |
| 17 | സാംസ്കാരിക പ്രവർത്തകർ |
| 18 | കയർ തൊഴിലാളികൾ |
| 19 | മത്സ്യ തൊഴിലാളികൾ |
| 20 | ഖാദി തൊഴിലാളികൾ |
| 21 | റേഷൻ വ്യാപാരികൾ |
| 22 | ഭാഗ്യക്കുറി ഏജന്റുമാർ, വിൽപനക്കാർ |
| 23 | ക്ഷീര കർഷകർ |
| 24 | വ്യാപാരികൾ |
| 25 | ആധാരമെഴുത്തുകാർ,, പകർപ്പെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ |
| 26 | അങ്കണവാടി വർക്കേഴ്സ്, ഹെൽപ്പേഴ്സ് |
| 27 | കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് |
| 28 | കർഷകർ |
| 29 | പ്രവാസികൾ |
| 30 | ഐ.റ്റി, ഐറ്റി അനുബന്ധമേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാർ, സംരംഭകർ |
| 31 | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ ഉൾപ്പെട്ട തൊഴിലാളികൾ |

സെക്ഷൻ ഓഫീസർ